# മാവേലി വന്നാൽ!

ജോൺ ഇളമത.

(കേരളം)

പണ്ടു വാണൊരു നാടല്ല മാവേലി
കൊല്ലും കൊലയും വക്കാണവും
തെല്ലും ഭയമില്ല ഗുണ്ടാകൾ വാഴും
നിൻെറ സാമ്രാജ്യമിന്നനാഥമല്ലോ!

വഞ്ചനയാണു എവിടയുമങ്ങനെ
ഫോർമാനിലിട്ട മത്തിയും,കൊഞ്ചും
സ്റ്റിറോയഡ് ബ്രോയിലർചിക്കനും
തിന്നല്ലെ മാവേലി കാൻസർ പിടിക്കും!

മാരകരോഗങ്ങൾ നിരവധിയങ്ങനെ
നിപ്പയും,ഡെങ്കിപ്പനിയുമൊക്കെ
വവ്വാലുതിന്നപഴം തിന്നാൽ
മറ്റൊരു ചിക്ത്സയുമില്ലതന്നെ!

ഉരുൾപൊട്ടാലാണ് മറ്റൊരു കാഴ്ച
പ്രളയത്തിൽ നീന്തി തുടക്കും കാഴ്ച
കക്കൂസില്ല,കുളിമുറിയില്ല!
കഷ്ടം ജനങ്ങളനുഭവക്കുമീ വ്യഥ!

ബലാൽസംഘവും തട്ടിപ്പും വെട്ടിപ്പും
രാഷ്ട്രീമൂരാച്ചി വഞ്ചനയും
കൂട്ടികൊടുപ്പും സ്ത്രീപീഢനവും
എങ്ങും നടമാടും നിൻെറ രാജ്യത്ത്

തുമ്പപ്പൂവില്ല,തുളസിയില്ല
തൂശനിലയിലെ ഊണു നിർത്തി
പ്ലാസിറ്റക്ക് ഇലകൾ തൽസ്ഥാനമേറ്റു
കമ്പിനിഭക്ഷണമിന്നോണ സദ്യ!

ഒന്നിനുമൊരു കുറവില്ലന്ന്
പണ്ടുപാടിയ പാട്ടൊക്കെ നിർത്തി
വിശ്വസിച്ചൊന്നും കഴിക്കാനാവില്ല
എന്തിലും വിഷമയമെവിടയുമങ്ങനെ!

(അമേരിക്കയിൽ)

വന്നോളു മവേലി ഇവിടേക്ക് വന്നോളു
ജന്മികൾ വാഴുന്ന നാട്ടിലേക്ക്!
തൂശനിലയിൽ സദ്യ വിളിമ്പാം
പാൽപായസ്സമടപ്രഥമൻ വരെ!

ഓണക്കറികൾ നൂറുകൂട്ടം
പപ്പടം,പരിപ്പ്,സാമ്പാറ്,പച്ചടി,കിച്ചടി
പഴമിട്ട് പഞ്ചസാര ചേർത്ത് ഉരുട്ടി
സദ്യകഴിച്ചെരേമ്പക്കം വിടാം.

കാറിൽ കള്ളുണ്ടു മാവേലി,ഒന്നുവിടാം
ചുറ്റിലും നിന്ന് ചാറ്റി പുകവലിക്കാം
പഴയകാല കഥഉരുവിടാം
എത്രയോ കടമ്പകൾ കയറിയ കഥകൾ!

അത്തപ്പൂ മത്സരം കാണാം,പിന്നെ
നൂറുകണക്കിന് തരുണികൾ
ലാസ്യ ഭാവത്തിലൊപ്പം ചവിട്ടും
തിരുവാതിര കണ്ട് രസിക്കാം

തുമ്പപൂവുണ്ടിവിടെ,തുളസിയുണ്ട്
തമിഴ് നാട്ടിൽ നിന്നെത്തും മുലപ്പൂവുണ്ട്
തെച്ചി,മന്ദാരം,പിച്ചകം ചൂടി ചന്ദനക്കുറിയിട്ട
സുന്ദരിമരെ കാണാം,വന്നോളു മാവേലി!